2. ചട്ടിപ്പറമ്പ് തണ്ണീർചോല കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് സ്രോതസ്സിന്റെ ജലലഭ്യത അനുസരിച്ച് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

3. കല്ലിട്ടുമ്പ് പദ്ധതിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.

4. കോഡൂർ പഞ്ചായത്തിലെ കാലാംപറമ്പ് കുടിവെള്ള പദ്ധതിക്ക് 28-5-2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കാലാംപറമ്പ് കുടിവെള്ള പദ്ധതിക്ക് ഒരു കോടി രൂപയുടെ എ.എസ്. നല്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മഴ പെയ്തതിനാൽ പുഴയിൽ നീരൊഴുക്ക് വർദ്ധിച്ച അവസ്ഥയിലാണ്. ഇപ്പോൾ കിണറിന്റെ ബോർഹോളിന്റെ വിശദാംശങ്ങൾ എടുക്കാൻ കഴിയുകയില്ല. അതിനാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാനും കഴിഞ്ഞിട്ടില്ല. പുഴയിൽ നീരൊഴുക്ക് കുറഞ്ഞാലുടൻതന്നെ ബോർഹോൾ വിശദാംശം എടുത്ത് മണ്ണ് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് എടുക്കുന്നതാണ്.

ഈ ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട എം.എൽ.എ.യെ അറിയിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുന്നതാണ്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള വിതരണം**

**133 (8193)** <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പേപ്പാറ ഡാമിന്റെ ഉയരവും സംഭരണശേഷിയും വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 21-5-2014-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പേപ്പാറ ഡാമിന്റെ ജലനിരപ്പ് 3 മീറ്റർ കൂടി വർദ്ധിപ്പിക്കുന്നത് തത്വത്തിൽ അംഗീകരിക്കുകയും ആയതിലേക്കുള്ള അനന്തര നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതി**

**134 (8194)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചുള്ള പദ്ധതികളാണ് 2013-14 സാമ്പത്തിക വർഷം നബാർഡിന്റെ ധനസഹായത്തിനായി വാട്ടർ അതോറിറ്റി സർക്കാരിലേക്ക് സമർപ്പിച്ചത്. 2013-14-ൽ നബാർഡിന്റെ സെക്കൂർ അലോക്കേഷൻ പരിമിതപ്പെടുത്തിയതുകൊണ്ട് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതി ഉൾപ്പെടുത്താൻ സാധിച്ചില്ല.

നബാർഡിന്റെ 2014-15-ലെ സെക്കൂർ അലോക്കേഷന് വിധേയമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നബാർഡിന്റെ ധനസഹായത്തിനു സമർപ്പിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണം**

**135 (8195)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി എത്ര ഡി.പി.ആർ. വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് ; വിശദവിവരങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly